പോലീസുദ്യോഗസ്ഥർക്കെതിരായ പരാതികൾ

207 (6356) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ഉദ്യോഗസ്ഥർ നടത്തുന്ന നിയമലംഘന പ്രവൃത്തികൾക്കെതിരെ നിർഭയമായി പരാതി നൽകുന്നതിന് സംവിധാനം ഉണ്ടാക്കുമോ ;

(ബി) പോലീസ് ഇതരജീവനക്കാരെ ഉൾപ്പെടുത്തി ഗവൺമെന്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഇതു സംബന്ധിച്ച് ഒരു സംവിധാനം കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പോലീസ് ഉദ്യോഗസ്ഥർ നടത്തുന്ന നിയമലംഘന പ്രവൃത്തികൾക്കെതിരെ നിർഭയമായി പരാതി നൽകുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റികൾ നിലവിലുണ്ട്.

(ബി) നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമായതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കൃത്യനിർവ്വഹണത്തിനിടയിൽ മരണപ്പെട്ട/കൊല ചെയ്യപ്പെട്ട പോലീസുദ്യോഗസ്ഥർ

208 (6358) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ എത്ര പോലീസ് ഉദ്യോഗസ്ഥർ കൃത്യനിർവ്വഹണത്തിനിടയിൽ മരണപ്പെട്ടു/കൊലചെയ്യപ്പെട്ടു ; അവർ ആരെല്ലാം ; എപ്രകാരമാണ് ഓരോരുത്തരും മരണപ്പെട്ടതെന്ന് വ്യക്തമാക്കുമോ ;

(ബി) കൊലക്കത്തിക്കിരയായ പോലീസ് ഡ്രൈവർ മണിയൻപിള്ള മരണപ്പെട്ടിട്ട് എത്ര വർഷമായി ; പ്രതി ആരാണ് ; പ്രതിയെ പിടികൂടുകയുണ്ടായോ ; ഇല്ലെങ്കിൽ പ്രതിയെ നാളിതുവരെ പിടികൂടാത്തതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ; പ്രതികളെ പിടികൂടാത്തതിൽ പോലീസിന്റെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇക്കാലയളവിൽ കൃത്യനിർവ്വഹണത്തിൽ മരണപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങൾ നൽകിയെന്ന് വ്യക്തമാക്കുമോ ;

(ഡി) കൊലചെയ്യപ്പെട്ട മണിയൻപിള്ള എന്ന പോലീസ് ഡ്രൈവറുടെ മക്കളുടെ വിദ്യാഭ്യാസ ചെലവ് സർക്കാർ വഹിക്കുമെന്ന മുൻ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം നാളിതുവരെ നടപ്പിലാക്കിയോ ; ഇല്ലെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കുമോ ; ഇതിൽ ഇപ്പോഴത്തെ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly